*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

190th Issue - Volume 5, No. 24 **ജാഗ്രത** 24th June 2011


" എല്ലാക്കാര്യങ്ങളും മുറുമുറുപ്പും തർക്കവും കൂടാതെ ചെയ്യുവിൻ. അങ്ങനെ, നിങ്ങൾ നിർദ്ദോഷരും നിഷ്കളങ്കരുമായിത്തീർന്ന്, വഴി പിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെയിടയിൽ കുറ്റമറ്റ ദൈവമക്കളാവട്ടെ; അവരുടെ മധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ.".

(ഫിലിപ്പി 2 :14-15)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil


St. John the Baptist

## പ്രധാന വാർത്തകൾ

റാറ്റ്സിംഗറിന്റെ വിദ്യാർത്ഥികൾ നവസുവിശേഷവത്ക്കരണം ചർച്ച ചെയ്യും

---

ലോകയുവജനത്തിൽ ഇരുപതിനായിരം വൈദികർ പങ്കെടുക്കും

---

ഒക്ടോബർ വിപ്ലവത്തിനുശേഷം ആദ്യമായി വി. കുർബാനയുടെ പ്രദിക്ഷണം

---

വിശ്വാസ രൂപീകരണത്തിൽ ജാഗ്രത പാലിക്കണം
മാർ ജോസഫ് പവ്വത്തിൽ

---

വിദ്യാർഥികളിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം: മാർ ജോർജ് ആലഞ്ചേരി

---

അധ്യാപകർ മാർഗദീപമാവണം:
മാർ തോമസ് ചക്യത്ത്

---

## ജാഗ്രതാ വാർത്ത

സ്വാശ്രയ വിരുദ്ധ എൽഡിഎഫ് സർക്കാർ അനുവദിച്ചത് 215 സ്വാശ്രയ കോളജുകൾ

## റാറ്റ്സിംഗറിന്റെ വിദ്യാർത്ഥികൾ നവസുവിശേഷവത്ക്കരണം ചർച്ച ചെയ്യും

---

നവസുവിശേഷവത്ക്കരണമായിരിക്കും ഈ വർഷത്തെ റാറ്റ്സിംഗർ വിദ്യാർത്ഥികളുടെ സംഗമത്തിലെ ചർച്ചാ വിഷയം. ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പയുടെ വിദ്യാർത്ഥികളായിരുന്നവരുടെ ഈ വാർഷീക സമ്മേളനം മാർപ്പാപ്പയുടെ വേനൽക്കാലവസതിയായ കാസ്റ്റൽ ഗെണ്ഡോൽഫോയിലായിരിക്കും നടക്കുന്നത്. ആഗസ്റ്റു മാസം 26-28 വരെ തീയതികളിൽ പരിശുദ്ധപിതാവ് വി.കുർബാന അർപ്പിച്ചു സന്ദേശം നല്കും.

മാർപ്പാപ്പ വിവിധ യൂണിവേഴ്സിറ്റികളിൽ ദൈവശാസ്ത്ര അദ്ധ്യാപകനായിരുന്ന കാലഘട്ടത്തിൽ തീസിസുകൾ സമർപ്പിച്ച നാല്പതോളം പേരുടെ ഒത്തുചേരലാണിത്. 1977ൽ പരിശുദ്ധ പിതാവിനെ മ്യൂണിക്കിലെ ആർച്ചുബിഷപ്പായും കർദ്ദിനാളായും നിയമിച്ചതിനേതുടർന്നാണ് ഇതുപോലെ ഒരു വാർഷികസമ്മേളനം ആരംഭിച്ചത്. 1977 ൽ ആരംഭിച്ച ഈ സമ്മേളനം മാർപ്പാപ്പ ആയതിനുശേഷവും തുടരുന്നുവെന്നത് ശ്രദ്ധേയമാണ്. 2010 ലെ സമ്മേളനത്തിന്റെ ചർച്ചാവിഷയം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അനുയോജ്യമായ വ്യാഖ്യാനം എന്നതായിരുന്നു.

## ലോകയുവജനത്തിൽ ഇരുപതിനായിരം വൈദികർ പങ്കെടുക്കും

---

ഇരുപതിനായിരത്തോളം വൈദികർ ഓഗസ്റ്റുമാസത്തിൽ സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന ലോകയുവജനദിനത്തിൽ പങ്കെടുക്കുമെന്ന് മാഡ്രിഡിലെ കർദ്ദിനാൾ അന്റോണിയോ മരിയ റോക്കോ അറിയിച്ചു.

വലിയ ഈ ആഘോഷത്തിൽ യുവജനങ്ങളെ ദൈവവചനത്തിലും വിശുദ്ധ കുർബാനയിലും അജപാലന ശുശ്രൂഷയിലും അനുധാവനം ചെയ്യാൻ ആവശ്യത്തിനു വൈദികരുണ്ടാകുക വലിയ ഒരു വെല്ലുവിളിയായിരുന്നുവെന്ന് കർദ്ദിനാൾ വെളിപ്പെടുത്തി.

ആഗസ്റ്റ് 16 മുതൽ 21 വരെ നടക്കുന്ന ലോകയുവജനദിനാഘോഷങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മെത്രാന്മാരും വലിയ വൈദിക സമൂഹവും പങ്കെടുക്കും . ഇപ്പോൾത്തന്നെ വൈദികരുടെ രജിസ്ട്രേഷൻ പന്തീരായിരം കവിഞ്ഞു കർദ്ദിനാൾ വെളിപ്പെടുത്തി.

## ഒക്ടോബർ വിപ്ലവത്തിനുശേഷം ആദ്യമായി വി. കുർബാനയുടെ പ്രദിക്ഷണം

---

ഒക്ടോബർ വിപ്ലവത്തിനു(1918) ശേഷം റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ സെന്റ് പീറ്റേഴ്സ്ബർഗിൽ ആദ്യമായി വി.കുർബാനയുടെ പ്രദിക്ഷണം നടത്താൻ അനുവാദം ലഭിച്ചു. സെന്റ് പീറ്റേഴ്സ്ബർഗിലെ മേയറാണ് അതിന് അനുവാദം നല്കിയത്. മോസ്കോ രൂപതാധികാരികൾ ഇക്കാര്യം സ്ഥിരീകരിക്കയും ചെയ്തിട്ടുണ്ട്.

ജൂൺ 26-ാം തീയതി ഞായറാഴ്ചയായിരിക്കും വി.കുർബാനയുടെ പ്രദിക്ഷണം സെന്റ് പീറ്റേഴ്സ്ബർഗിൽ നടക്കുക. പ്രൊസ്പെറ്റീവ നേവ്സ്കി അവന്യൂ വെന്ന സുപ്രധാന തെരുവിലൂടെയായിരിക്കും പ്രദിക്ഷണം നടത്തുന്നത്.

കത്തോലിക്കരും, ഓർത്തഡോക്സ് ലൂഥന്റെ , അർമ്മേനിയസഭാ വിശ്വാസികളും തെരുവിന്റെ ഇരുവശത്തും താമസിക്കുന്നതിനാൽ സാമുദായിക സഹവർത്തിത്വത്തിന്റെ തെരുവ് എന്നും ഇതറിയപ്പെടുന്നുണ്ട്.

## വിശ്വാസ രൂപീകരണത്തിൽ ജാഗ്രത പാലിക്കണം മാർ ജോസഫ് പവ്വത്തിൽ

---



മക്കളുടെ വിശ്വാസ രൂപീകരണത്തിൽ മാതാപിതാക്കൾ ജാഗ്രത പുലർത്തണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരൂപതാ തിരുബാലസഖ്യ ആനിമേറ്റർമാരുടെ സമ്മേളനം സന്ദേശ നിലയം ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. ഭൗതിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കാട്ടുന്നതിനാൽ മാതാപിതാക്കൾക്ക് വിശ്വാസ കാര്യത്തിൽ വേണ്ടത്ര ജാഗ്രത പാലിക്കാൻ കഴിയുന്നില്ലെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

## വിദ്യാർഥികളിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം: മാർ ജോർജ് ആലഞ്ചേരി

---



വിദ്യാർഥികളെ അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ സമൂഹത്തിലെഎല്ലാവർക്കും കടമയുണ്ടെന്നു സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പും എറണാകുളം -അങ്കമാലി മെത്രാപ്പോലീത്തയുമായ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കേരള കത്തോലിക്ക വിദ്യാർഥി ലീഗ് (കെസിഎസ്എൽ) അതിരൂപത പ്രവർത്തന വർഷ ഉദ്ഘാടനം കലൂർ റിന്യൂവൽ സെന്ററിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന

മനോഭാവം കുട്ടികളും വളർത്തിയെടുക്കണം. വിജ്ഞാനത്തിനു വേണ്ടിയുള്ള വ്യഗ്രതയാണ് ഓരോ വിദ്യാർഥിയുടെയും വിജയത്തിന് അടിസ്ഥാനം. പഠനത്തിനൊപ്പം ജീവിതത്തിൽ വിശുദ്ധി കാത്തുസൂക്ഷിക്കാനും ഓരോ വിദ്യാർഥിയും ശ്രദ്ധിക്കണമെന്നും മാർ ആലഞ്ചേരി ഓർമിപ്പിച്ചു.

**അധ്യാപകർ മാർഗദീപമാവണം: മാർ തോമസ് ചകൃത്ത്**

---



വിദ്യാർഥികളെ നന്മയിലേക്കു നയിക്കുന്ന മാർഗദീപങ്ങളാവണം അധ്യാപകരെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായ മെത്രാൻ മാർ തോമസ് ചക്യത്ത് പറഞ്ഞു. കെസിഎസ്എൽ സംസ്ഥാന അവാർഡ് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തിന്മകൾ വർധിച്ചുവരുന്ന കാലഘട്ടത്തിൽ വിദ്യാർഥി സമൂഹത്തെ നല്ല നാളെയിലേക്കു വഴിനടത്താൻ ഉത്തരവാദിത്വപ്പെട്ടവരാണ് അധ്യാപകരെന്നും മാർ ചക്യത്ത് ഓർമിപ്പിച്ചു.

## ജാഗ്രതാ വാർത്ത

**സ്വാശ്രയ വിരുദ്ധ എൽഡിഎഫ് സർക്കാർ അനുവദിച്ചത് 215 സ്വാശ്രയ കോളജുകൾ**

---

എൽഡിഎഫ് സർക്കാർ ഭരിച്ചിരുന്ന അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത് അനുവദിച്ചത് 215 സ്വാശ്രയ കോളജുകൾ. ഇതു മറന്നുകൊണ്ടാണ് ഇപ്പോൾ എൽഡിഎഫും എസ്എഫ്ഐ അടക്കമുള്ള ഇടതു വിദ്യാർഥി സംഘടനകളും സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരേ വീണ്ടും സമരത്തിനിറങ്ങുന്നത്. ഇടതുസർക്കാർ അനുവദിച്ച കോളജുകൾകൂടി ചേർന്നതോടെയാണു സംസ്ഥാനത്തെ 78 ശത മാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാശ്രയമേഖല യിലായത്. എൽഡിഎഫ് കാലത്ത് എൻഒസി ലഭിച്ച കോളജുകൾ ഉൾപ്പെടെ സംസ്ഥാനത്തിപ്പോൾ 962 കോളജുകളുണ്ട്. ഇതിൽ 674 എണ്ണം സ്വാശ്രയ സ്ഥാപനങ്ങളാണ്. കേരളത്തിൽ ആകെയുള്ള 119 എൻജിനിയറിംഗ് കോളജുകളിൽ 105 എണ്ണം സ്വാശ്രയമേഖലയിലാണ്. 14 എൻജിനിയറിംഗ് കോളജുകൾ മാത്രമാണു സർക്കാർ, എയ്ഡഡ് മേഖലകളിലുള്ളത്. സംസ്ഥാനത്തുള്ള 19 മെഡിക്കൽ കോളജുകളിൽ അഞ്ചെണ്ണമൊഴികെയുള്ളതെല്ലാം സ്വാശ്രയ മേഖലയിലാണ്. രണ്ടു സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങളുമുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളി ൽ പകുതിയും എൽഡിഎഫ് കാലത്ത് അനുമതി കിട്ടിയവയാണ്. ഡെന്റൽ കോളജുകൾ 15 ഉള്ളതി ൽ പന്ത്രണ്ടും സ്വാശ്രയകോളജുകൾ. 16 ആയുർവേദ കോളജുകളിൽ പതിനൊന്നും സ്വാശ്രയ സ്ഥാപനങ്ങൾ. ഹോമിയോ കോളജുകൾ അഞ്ചെണ്ണ മുള്ളതിൽ മൂന്നും സ്വാശ്രയം.

**സ്വാശ്രയ കോളജ്: തെറ്റിദ്ധാരണ പരത്തി സ്വന്തം പിഴവുകൾ സാധൂകരിക്കാനുള്ള ശ്രമം പാഴ്‌വേല: ഇന്റർ ചർച്ച് കൗൺസിൽ**

---

സാമൂഹ്യനീതിയെക്കുറിച്ചും ന്യൂനപക്ഷത്തെ ക്കുറിച്ചും തെറ്റായ ആശയങ്ങൾ പരത്തി സ്വന്തം പിഴവുകളെ സാധൂകരിക്കാനുള്ള ചില വിദ്യാഭ്യാസ സംഘടനാനേതാക്കളുടെ ശ്രമം പാഴ്‌വേലയാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ. നീതിക്കും നിയമത്തിനും നിരക്കാത്തതായി സുപ്രീം കോടതി തീർപ്പുകല്പിച്ച കാര്യങ്ങൾ ഇപ്പോൾ സാമൂഹ്യനീതി യായി ഉയർത്തിപ്പിടിച്ച് ന്യൂനപക്ഷ സമുദായങ്ങളെ ആക്ഷേപിക്കാൻ രംഗത്തുവരുന്നവർ അപഹാസ്യരാ യി മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഉണ്ണി ക്കൃഷ്ണൻ കേസിനെ ആസ്പദമാക്കി ഉന്നയിക്ക പ്പെട്ട 50:50 എന്ന നിലപാട് സുപ്രീംകോടതിയുടെ പതിനൊന്നംഗ ബെഞ്ച് അനീതിയായിക്കണ്ട് റദ്ദു ചെയ്തതാണ്. എന്നിട്ടും അതുതന്നെയാണ് സാമൂഹ്യ നീതിയെന്നു ശഠിക്കുകയും അതു നടപ്പിലാക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നവർ അനീതി പ്രവർത്തിക്കാനാണ് ആഹ്വാനം ചെയ്യുന്നത്. 50:50 എന്ന അനുപാതം പാലിക്കുമ്പോൾ പകുതിപ്പേർ ഇരട്ടിഫീസ് കൊടുക്കാൻ നിർബന്ധിക്കപ്പെടുന്ന ക്രൂരമായ അനീതിയാണു നടപ്പാ വുക. ഈ അനീതി എങ്ങനെ സാമൂഹ്യ നീതിയാകും? ഭാഷാ, മത ന്യൂനപക്ഷങ്ങൾക്കു സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി തങ്ങളുടെ വിദ്യാർഥികളെ പഠിപ്പിച്ചു നിലനിൽക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പുതരുന്നുണ്ട്. ന്യൂനപക്ഷങ്ങളുടെ നിലനിൽക്കാനുള്ള ഈ സ്വാതന്ത്ര്യവും അവകാശവും അടിയറവയ്ക്കണമെന്നു പറയാൻ സംഘടനാ നേതാക്കൾക്ക് എന്തവകാശം? ഭരണഘടനാപരമായ അവകാശത്തെക്കുറിച്ചു തെറ്റിദ്ധരിപ്പിച്ചു വിഭാഗീയ തയും വർഗീയതയും വളർത്താൻ ശ്രമിക്കുന്നവരുടെ ഗൂഢലക്ഷ്യങ്ങൾ സമൂഹം തിരിച്ചറിയുന്നുണ്ട്. കഴിഞ്ഞവർഷം ഇടതുപക്ഷ സർക്കാർ ചിലരുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് കേവലം ഏഴു ശതമാനം വിദ്യാർഥികൾ മാത്രമാണു സർക്കാർ ഫീസിൽ സൗജന്യമായി പഠിക്കുന്നത്. ഇന്റർ ചർച്ച് കൗൺസിലിന്റെ കോളജുകളിൽ മൂന്നര ലക്ഷം രൂപ

വാർഷിക ഫീസ് ഈടാക്കുമ്പോൾ കരാർ ഒപ്പിട്ട കോളജുകളിൽ ഫീസ് ശരാശരി നാലര ലക്ഷം രൂപയാണ്. ഇൻറ്റർ ചർച്ച് കൗൺസിലിന്റെ നേതൃത്വത്തിലുള്ള കോളജുകളിൽ കഴിയുന്നത്ര വിദ്യാർഥികളെ പൊതു മെറിറ്റു ലിസ്റ്റിൽ നിന്നാണു പ്രവേശിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഇതര മതസ്ഥരായ ധാരാളം വിദ്യാർഥികൾ ഈ കോളജുകളിൽ പഠിക്കുന്നുണ്ട്. മറ്റു റെഗുലർ കോളജുകളിലാകട്ടെ അതിലും വളരെക്കൂടുതൽ വിദ്യാർഥികൾ പഠിക്കുന്നു. ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കോളജുകൾ മെറിറ്റനുസരിച്ചു മാത്രം വിദ്യാർഥികളെ പ്രവേശിപ്പിക്കുക യും രണ്ടു ലിസ്റ്റിലുംപെട്ട പാവപ്പെട്ട വിദ്യാർഥികൾക്കു സ്കോളർഷിപ്പു നൽകി സൗജന്യമായി പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഉന്നത നിലവാരം പുലർത്തുന്ന ഈ കോളജുകളുടെ പ്രവർത്തനങ്ങൾ ആർക്കും പരിശോധിക്കാവുന്നതാണ്. യഥാർഥസാമൂഹ്യ നീതിയും മെറിറ്റും അട്ടിമറിക്കാനും പാർട്ടിക്കാർ ഭരിക്കുന്ന പരിയാരം മെഡിക്കൽ കോളജിലെ അഴിമതിയും കെടുകാര്യസ്ഥതയും മറയ്ക്കാനും ചിലർ കരുക്കളാകുന്നതിൽ ഖേദമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## സ്വാശ്രയപ്രൊഫഷണൽ കോളേജുകൾ ; അനീതിയും നീതിയും

---

സ്വാശ്രയപ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസുഘടനയും ഇക്കാലങ്ങളിൽ മാധ്യമങ്ങളിലും രാഷ്ട്രീയക്കാരുടെ ഇടയിലും ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട്. മാധ്യമരംഗത്തു പ്രവർത്തിക്കുന്നപലരും ഒപ്പം ചർച്ചകളിൽ പങ്കെടുക്കുന്ന മിക്കവരും പ്രശ്നത്തെ ഗൗരവമായി സമീപിക്കുന്നവരോ പഠിക്കുന്നവരോ അല്ലെന്നു കാണുന്നതു ഖേദകരമാണ്. മാധ്യമങ്ങൾ വഴിതെറ്റിച്ച ഒരു പ്രശ്നമായി സ്വാശ്രയവിദ്യാഭ്യാസരംഗം മാറുമെന്ന ഭയപ്പാടും ഉണ്ട്. അടിസ്ഥാനതത്വങ്ങൾത്തന്നെ അതുകൊണ്ട് വിശകലനം ചെയ്യപ്പെടേണ്ടതാണ്.

## 50:50 ഇപ്പോഴും അനുവർത്തിക്കേണ്ട നയമാണോ?

1993 ൽ ഉണ്ണികൃഷ്ണൻ കേസിനെ ആസ്പദമാക്കിവന്ന ഒരു ധാരണയാണ് അമ്പതുശതമാനം വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസുവാങ്ങി സർക്കാർ നിർദ്ദേശിക്കുന്ന 50% വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നത്. ഈ നിലപാട് ഇന്റെർചർച്ച് കൗൺസിലോ കെ.സി.ബി.സി. യോ ഒരിക്കലും അംഗീകരിച്ചിട്ടില്ല; അതിനെക്കുറിച്ച് ആരുമായും ചർച്ചയും നടത്തിയിട്ടില്ല. കൂടാതെ നീതിക്കും നിയമത്തിനും എതിരായതുകൊണ്ട് കോളേജുകൾ ഇതിനെതിരേ കേസിനു പോകുകയും 2001ൽ സുപ്രീം കോടതിയുടെ പതിനൊന്നംഗബഞ്ച് ഈ നിലപാടുതള്ളികളയുകയും ചെയ്തു. ഉണ്ണികൃഷ്ണൻ കേസിനെ ആസ്പദമാക്കി 50:50 എന്ന നിലപാട് എടുത്തവർക്ക് സുപ്രീം കോടതിയുടെ വിധിയനുസരിച്ച് അതു തിരുത്താൻ കഴിയണം. അല്ലെങ്കിൽ അവർ നിയമവാഴ്ചയെ വെല്ലുവിളിക്കുകയാണ്. കീഴ്ക്കോടതി വധശിക്ഷക്കുവിധിച്ചയാളെ നിരപരാധിയായി കണ്ടെത്തി ഹൈക്കോടതിയും സുപ്രീം കോടതിയും വെറുതെ വിട്ടാലും കീഴ്ക്കോടതി വിധിയനുസരിക്കണമെന്നും നിരപരാധി ആയ ആളെ തൂക്കിക്കൊല്ലണമെന്നു വാശിപിടിക്കുന്നവരുടേതുപോലെ ബാലിശമാണ് ഇപ്പോഴും 50:50 എന്ന അനുപാതം ഉയർത്തിപ്പിടിക്കുന്നവരുടേത്. 2010 ൽ എൽ.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ കരാറിൽ ന്യൂനപക്ഷങ്ങളുടെ കോളേജുകളിൽ 65: 35 ആയിരുന്നു അനുപാതം . കർണ്ണാടകത്തിൽ ഈ വർഷം 75: 25 ആണുതാനും.

## ക്രോസ്സബ്സിഡി അഥവാ പകുതി സീറ്റുകളിൽ നിന്നും ഇരട്ടിഫിസുവാങ്ങി മറ്റു പകുതി വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കണോ?.

ഉണ്ണികൃഷ്ണൻ കേസിനെ ആസ്പദമാക്കി ഉണ്ടാക്കിയ നിലപാട്. സുപ്രീം കോടതി ഈ നിലപാട് നീതിക്കുനിരക്കാത്തതായികണ്ട് റദ്ദു ചെയ്തു. കൂടാതെ കേരളത്തിലെ അഞ്ചു സർക്കാർ മെഡിക്കൽകോളേജിൽ മെരിറ്റിൽ ആദ്യം വരുന്ന വിദ്യാർത്ഥികൾ സൗജന്യമായി പഠിക്കുന്നുണ്ട്. അവരാകട്ടെ ഇപ്പോഴത്തെ ക്രമമനുസരിച്ച് അല്പം മാത്രം വേതനം പറ്റി റൂറൽ സർവ്വീസ് എന്നു പറയുന്ന ഗ്രാമങ്ങളിലെ സർക്കാർ ആശുപത്രിയിൽ രണ്ടു വർഷം ജോലിചെയ്യണം. അതിനു താഴെ റാങ്കിൽ വരുന്നവരെ പഠിപ്പിക്കുന്ന കാര്യമാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നടത്തുന്നത്. അവിടെ ആദ്യത്തെ മെരിറ്റുകാരെ സൗജന്യമായി സർക്കാർ നിരക്കിൽ പഠിപ്പിക്കുകയും അതിന്റെ ചിലവ് മറ്റ് അമ്പതുശതമാനം വിദ്യാർത്ഥികളുടെ തലയിൽ വച്ചു കെട്ടികൊടുക്കുകയുമാണ് ഈ ക്രോസ്സ് സബ്സിഡി വഴി.

1) കോടതിയുടെ നിരീക്ഷ്ണവും സാമ്പിൾ സർവ്വേയും അനുസരിച്ച് റാങ്കിൽ ആദ്യം വരുന്നവർ താരതമ്യേന ഉയർന്നവരുമാനക്കാരും ഉയർന്ന ഫീസുകൊടുത്ത് ഉയർന്ന വിദ്യാലയങ്ങളിൽ പഠിച്ചവരും എൻട്രൻസ് കോച്ചിംഗിനു പോയവരുമാണ്. അവരേയാണ് താരതമ്യേന പാവപ്പെട്ടവരായ മറ്റു വിദ്യാർത്ഥികൾ ഇരട്ടി ഫീസുകൊടുത്തു പഠിപ്പിക്കേണ്ടത്

2) ഇങ്ങനെ പഠിപ്പിക്കുമ്പോൾ ഇരട്ടിഫീസു നല്കേണ്ടിവരുന്ന പകുതി വിദ്യാർത്ഥികളോട് ക്രൂരമായ അനീതിയാണു കാണിക്കുന്നത്. ഈ അനീതി എങ്ങനെ ന്യായീകരിക്കും? ഈ അനീതികാണിക്കലാണോ സാമൂഹ്യനീതി? അനീതിയെ സാമൂഹ്യനീതിയാക്കുന്നത് ദുരുദ്ദേ

ശത്തോടെയാണ്.

3)ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സാധാരണക്കാരും പാവപ്പെട്ടവരുമായ അവർ പണം സമാഹരിച്ച് കോളേജുകൾ പണുതുയർത്തുന്നു; തങ്ങളുടെ വിദ്യാർത്ഥികളുടെ ഫീസുകൊടുക്കുന്നു; കൂടാതെ സർക്കാർ നിർദ്ദേശിക്കുന്നവരുടെ ഫീസും നല്കേണ്ടിവരുന്നു. മൂന്നുമടങ്ങു നികുതി ഈ സമൂഹത്തിന്റെ മേൽ കെട്ടിയേല്പിക്കുന്നതിനു തുല്യമാണിത്. ഏതാണ്ട് ഇരുന്നൂറു കോടിരൂപ അധിക വാർഷിക നികുതി ചുമത്തുന്നതിനുതുല്യവുമാണിത്. അത് ന്യൂനപക്ഷ പീഡനം കൂടിയാണ്. അനീതിയാണ്

**ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസസ്വാതന്ത്ര്യം നിക്ഷേധിക്കുന്നതു സാമൂഹ്യനീതിയോ?.**

ഭരണഘടനയുടെ 30(1)അനുസരിച്ച് ഭാഷാമതന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് സ്വന്തം മതസാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിച്ചു നിലനില്ക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അത് അവർ പണം മുടക്കിസ്ഥാപിച്ച വിദ്യാലയങ്ങളിൽ മാത്രം തങ്ങളുടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും അദ്ധ്യാപകരെ നിയമിക്കാനും നടത്തിക്കൊണ്ടുപോകുവാനുമുള്ള സ്വാതന്ത്ര്യമാണ്. ഓരോ തലമുറയുടെയും ധാർമ്മികവും മതസംസ്കാരികവുമായ പരിശീലനം ന്യൂനപക്ഷങ്ങൾക്ക് അനിവാര്യമാണ്. ഓരോ പഠനഭാഗത്തിന്റെയും നൈതികത(ethics) അവർ മനസ്സിലാക്കുകയും വേണം. തമിഴ് ഭാഷാ ന്യൂനപക്ഷം തങ്ങളുടെ വിദ്യാർത്ഥികൾക്കായി നടത്തുന്ന വിദ്യാലയങ്ങളിൽ അമ്പതു ശതമാനം മറ്റു ഭാഷാ വിദ്യാർത്ഥികൾ ഉണ്ടായിരിക്കണമെന്നു പറയുന്നതു നീതിയാണോ?

കൗൺസിലിന്റെ സ്വാശ്രയമെഡിക്കൽ കോളേജുകളിൽ പൊതുമെറിറ്റിൽ നിന്നും 35% വരെ വിദ്യാർത്ഥികളെ എടുക്കുന്നുണ്ട്. മറ്റു സമുദായങ്ങളിൽപ്പെടുന്ന കുറച്ചുപേരേയെങ്കിലും ഈ കോളേജിൽ സ്വീകരിക്കണമെന്നാണു കോടതി വിധി. അങ്ങനെ മറ്റു മതവിഭാഗങ്ങളുടെ മുപ്പത്തഞ്ചു ശതമാനത്തോളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. അവർക്കു ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊടുക്കുന്നു.

1) ഭാഷാ മത ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സ്വാതന്ത്ര്യം ത്യജിക്കണമെന്നുള്ള നിലപാട് ആരുടേതായാലും ഭരണഘടനാ വിരുദ്ധതയും ജനാധിപത്യവിരുദ്ധതയുമാണ്.

2) മതവിരുദ്ധതയും ഇവിടെ കടന്നു വരുന്നു. മതന്യൂനപക്ഷങ്ങളുടെ നിലനില്പിനുള്ള സ്വാതന്ത്ര്യം നിക്ഷേധിക്കലാണ്.

3) ധാർമ്മികവും മതസാംസ്കാരികവുമായ പരിശീലനം നിഷേധിക്കുകയാണ്. മതന്യൂനപക്ഷങ്ങളെ പീഡിപ്പിക്കാനുള്ള ശ്രമമാണ്. വ്യാപകമായ പ്രത്യാഘാതങ്ങളാണ് ഇതുണ്ടാക്കുന്നത്.

4)ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം അംഗീകരിക്കുക സാമൂഹ്യ നീതിയുടെ അടിസ്ഥാനതത്വമാണ്. അതു നിഷേധിക്കുന്നവർ കടുത്ത സാമൂഹ്യ അനീതിയാണ് ചെയ്യുന്നത്.

5)ന്യൂനപക്ഷാവകാശവും പിന്നോക്കക്കാർക്കുനല്കുന്ന സംവരണവും രണ്ടാണ് സാമ്പത്തികമായും സ്ഥാപനങ്ങളുടെ കാര്യത്തിലും വളർന്നാലും നിലനില്പിന്റെ ന്യൂനപക്ഷാവകാശം ഇല്ലാതാകില്ല.

**നമ്മൾഅനുവർത്തിക്കേണ്ട നയങ്ങൾ**

1) മെരിറ്റനുസരിച്ചു മാത്രം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുക. ഓപ്പൺ മെരിറ്റിലാണെങ്കിലും കമ്മ്യൂണിറ്റിമെരിറ്റിലാണെങ്കിലും അതിൽ ആദ്യറാങ്കുകാർക്ക് പ്രവേശനം നല്കണം.(ഇന്റർസേ മെരിറ്റ്)

2)മെരിറ്റുള്ള പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠനചെലവിനു സഹായിക്കുക മാത്രമാണ് സാമൂഹ്യനീതി. അല്ലാതെ സർക്കാർ മെഡിക്കൽകോളേജിൽ മെരിറ്റനുസരിച്ചു പ്രവേശിപ്പിച്ചതിനു ശേഷം വരുന്ന വിദ്യാർത്ഥികളിൽ ആദ്യഭാഗത്തിന് അവർ കോടീശ്വരന്മാരാണെങ്കിൽ പോലും സൗജന്യപഠനം എന്നത് അനീതിയാണ്.

3) ഭാഷാ മത ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ട് അവരുടെ കലാലയങ്ങളിൽ അവരുടെ യോഗ്യരായ വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കണം. ഭരണഘടനാപരമായ സ്വാതന്ത്ര്യം നിഷേധിക്കരുത്.

4) പാവപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രം സ്കോളർഷിപ്പു നല്കുകയും ആവശ്യമുള്ളവർക്കു ബാങ്ക്ലോൺ ഏർപ്പെടുത്തുകയും വേണം.

5) പഠന ചെലവിന്റെ ഉത്തരവാദിത്വം പഠിക്കുന്ന വിദ്യാർത്ഥികൂടി വഹിക്കേണ്ടതാണ് എന്നതത്വം വികസിത രാജ്യങ്ങളിൽ പോലുമുണ്ട്.

6) പാവപ്പെട്ടവർക്കു സ്കോളർഷിപ്പു നല്കുമ്പോൾ സർക്കാർ മെഡിക്കൽ കോളേജിൽ സൗജന്യവിദ്യാഭ്യാസം നേടുന്നവർക്ക് സർക്കാർ റൂറൽ സർവ്വീസ് രണ്ടു വർഷത്തേക്കു നൽകുന്നതുപോലെ അവരെ സർക്കാർ ഹോസ്പിറ്റൽ ജോലി ചെയ്യിക്കണം.

**തള്ളിക്കളയേണ്ടതും തള്ളിക്കളഞ്ഞതുമായ കാര്യങ്ങൾ**

1) 50:50 എന്നത് സുപ്രീം കോടതി തള്ളിക്കള

ഞ്ഞതാണ്. അതുകൊണ്ട് 50:50 തള്ളിക്കളയണം. അമ്പതു ശതമാനം വിദ്യാർത്ഥികൾക്കു സൗജന്യപഠനം നല്കേണ്ടി വരുന്നതുകൊണ്ടാണ് ഈ അനുപാതം സൂക്ഷിക്കുന്ന കോളേജുകളിൽ മറ്റ് അമ്പതു ശതമാനത്തിന്റെ പ്രവേശനത്തിലും ഫീസുനിരക്കിലും മറ്റും അഴിമതിക്കു കാരണമാകുന്നത്.

2) ന്യൂനപക്ഷാവകാശം അനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കാനുള്ള നീക്കം ഉപേക്ഷിക്കണം. അതു ജനാധിപത്യത്തിനും ഭരണഘടനക്കും എതിരാണ്. അങ്ങനെ നിഷേധിക്കാൻ ശ്രമിച്ചപ്പോഴൊക്കെ കോടതികൾ അതിനെതിരേ രംഗത്തു വന്നിരുന്നു.

3) മെരിറ്റിൽ ആദ്യംവരുന്നവരെ സൗജന്യമായി പഠിപ്പിക്കുന്നതാണ് സാമൂഹ്യനീതി എന്നതു വിഢിത്വമാണ് അതു തള്ളിക്കളയണം. പാവപ്പെട്ടവർക്കുമാത്രം സ്കോളർഷിപ്പു നല്കണം.

4) ക്രോസ് സബ്സിഡി അഥവാ 50% വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസ് ഈടാക്കി മറ്റ് 50% വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതാണ് സാമൂഹ്യനീതിയെന്ന അസംബന്ധ നിലപാട് തള്ളിക്കളയണം. കോടതി തള്ളിക്കളഞ്ഞ നിലപാട് തള്ളിക്കളയാനുള്ള ജനാധിപത്യമര്യാദകാട്ടണം.

### ഇന്റേർചർച്ച് കൗൺസിൽ അനുവർത്തിക്കുന്ന നയങ്ങൾ

1) മെരിറ്റനുസരിച്ചുമാത്രം പ്രവേശനം

2) പാവപ്പെട്ട വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പു നല്കി സൗജന്യപഠനം

3) മുപ്പത്തിയഞ്ചുശതമാനം സീറ്റിൽ വരെ സർക്കാറിന്റെ ഓപ്പൺമെറിറ്റിൽ നിന്നും പ്രവേശനം. മറ്റുസമുദായ വിദ്യാർത്ഥികൾ മുപ്പത്തിയഞ്ചുശതമാനം വരെ പഠിക്കുന്നു.

4) പിന്നോക്കക്കാർക്കു പ്രത്യേക സീറ്റിൽ പ്രവേശനം നല്കുന്നു.

5) കോടതി അംഗീകരിച്ച ന്യായമായ ഫീസ് എല്ലാവർക്കും. പാവപ്പെട്ടവർക്കുമാത്രം സ്കോളർഷിപ്പോടെ സൗജന്യപഠനം.

6) സർക്കാർ നടത്തുന്ന യോഗ്യതാപരീക്ഷയും പ്രവേശന പരീക്ഷയും അനുസരിച്ചു മാത്രം പ്രവേശനം.

7) ഗുണനിലവാരമുള്ള വിദ്യാഭ്യാസവും സാമൂഹ്യനീതിയും മെരിറ്റും സുതാര്യതയും ഉയർത്തിപ്പിടിക്കുന്നു.

### ഇടതുപക്ഷ സർക്കാരിന്റെ നയങ്ങൾ

2006ലെ സ്വാശ്രയ വിദ്യാഭ്യാസ നിയമം ഭരണഘടന വിരുദ്ധമായി കണ്ട് കോടതി അതിന്റെ പ്രധാന വകുപ്പുകളെല്ലാം തന്നെ റദ്ദു ചെയ്തു. ഇപ്പോൾ പൊതുസമൂഹത്തിന്റെ ആവശ്യമാണ്, സാമൂഹ്യ നീതിയാണ്, സർക്കാറുമായി ധാരണ ഉണ്ടാക്കണം എന്നൊക്കെ പറഞ്ഞ് അതേ നിയമം തന്നെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നടപ്പാക്കാൻ ശ്രമിക്കയാണ്.

ഇടതു സർക്കാർ ഇന്റേർചർച്ച് കൗൺസിൽ ഫോർഎജ്യുക്കേഷനുമായി പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരുമായി മറ്റു ചിലർ ഉണ്ടാക്കിയ കരാർ പ്രകാരം കരാർ ഒപ്പിട്ട ന്യൂനപക്ഷ മാനേജുമെന്റുകൾക്ക് 65% സീറ്റും സർക്കാരിന്റെ മെരിറ്റിൽ നിന്നും 35% സീറ്റും എന്നതായിരുന്നു നിലപാട്. കഴിഞ്ഞ നാലു വർഷങ്ങളിലും ഇന്റേർചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിൽ 3.5 ലക്ഷം രൂപയായിരുന്നു ഫീസു നിരക്ക്. വിദ്യാർത്ഥിപ്രവേശനവും മെരിറ്റനുസരിച്ചു മാത്രമായിരുന്നു.

### ആരു തുറന്നുവിട്ട ഭൂതമാണ് സ്വാശ്രയ കോളേജുകൾ?

എൽ.ഡി.എഫ്. സർക്കാറിന്റെ കഴിഞ്ഞ അഞ്ചു വർഷ ഭരണകാലത്ത് 215 സ്വാശ്രയകോളേജുകളാണ് അനുവദിച്ചത്. ഇപ്പോഴുള്ള സ്വാശ്രയ കോളേജിൽ പകുതിയോളം എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ചതാണ്.

സർക്കാരിന്റെതായിട്ടുപോലും സ്വാശ്രയ കോളേജുകൾ പാടില്ല എന്ന നിലപാടെടുത്തു സമരം ചെയ്ത് അഞ്ചു യുവാക്കളുടെ ജീവൻ കുരുതിക്കു കൊടുത്തവരുടെ ഭരണകാലത്ത് കൂടുതൽ സ്വാശ്രയ കോളേജുകൾ അനുവദിക്കപ്പെട്ടതെന്നും മെഡിക്കൽ പി.ജി. കോഴ്സിന് അരക്കോടിരൂപ വിപ്ലവയുവജനസംഘടനയുടെ ഖജനാവു കൈകാര്യം ചെയ്യുന്നയാൾ അഡ്മിഷനുവേണ്ടി പാർട്ടി ഭരിക്കുന്ന കോളേജിനു നല്കിയതെന്നും പാർട്ടി എം.എൽ.എ.ആയിരുന്ന വാസവന്റെ മകൾ യോഗ്യതയില്ലെങ്കിലും മെഡിക്കൽ കോളേജിൽ പഠിക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്.

### പരിയാരം മെഡിക്കൽ കോളേജിന്റെ സ്ഥിതിയെന്ത്?

സർക്കാർ സൗജന്യനിരക്കിൽ ഭൂമി കൊടുത്ത, കഴിഞ്ഞ വർഷം പോലും പാവപ്പെട്ടവന്റെ നികുതി പണത്തിൽ നിന്നും പത്തുകോടിരൂപനല്കിയ, പാർട്ടി ഭരിക്കുന്ന മെഡിക്കൽ കോളേജിന്റെ ഇക്കഴിഞ്ഞ പതിനേഴു വർഷത്തെ നഷ്ടം 350 കോടിരൂപയാണ്. എന്നിട്ടും അതിലും കുറച്ചുഫീസുവാങ്ങിക്കുന്ന ഇന്റേർചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷന്റെ കീഴിലുള്ള കോളേജുകളെ വിദ്യാഭ്യാസ കച്ചവടക്കാർ എന്ന് വിളിച്ചാക്ഷേപിക്കുകയാണ്. വിദ്യാഭ്യാസകൊള്ള നടത്തുന്നവർ ന്യായമായ കോടതി അംഗീകരിച്ച ഫീസുവാങ്ങുന്നവരെ ആക്ഷേപിക്കുന്നത് ജനശ്രദ്ധ തിരിച്ചുവിടാനാണ്. അഴിമതികൊണ്ടും കെടുകാര്യസ്ഥത കൊണ്ടും പാർട്ടി ഭരിക്കുന്ന കോളേജുവരുത്തുന്ന നഷ്ടം പാവപ്പെട്ട നികുതിദായകന്റെ ചുമലിൽ വച്ചു കെട്ടുകയാണല്ലോ നയം.